ഉത്തരം

കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ കോൺക്രീറ്റ് സ്ലാബ് 95% പൂർത്തിയായിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ ഫ്ലോറിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ പുരോഗമിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ ടൂറിസം വകുപ്പിന്റെ പദ്ധതികൾ**

335 (1043) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരണ പദ്ധതിയ്ക്ക് 1.5 കോടിരൂപയുടെ വിശദമായ എസ്റ്റിമേറ്റടക്കമുള്ള എം.എൽ.എ.-യുടെ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് കെ.ടി.ഡി.സി. വകുപ്പ് തലത്തിൽ ആവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) 2014-15 വർഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ടൂറിസം സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി&ഇ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജക മണ്ഡലത്തിൽപ്പെട്ട വയ്യാങ്കരച്ചിറയിൽ ടൂറിസം വികസനത്തിനായി ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി ₹ 2,59,52,000 (രണ്ടു കോടി അമ്പത്തിയൊമ്പത് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ) അനുവദിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly